(ബി) അതിൽ തിരുവിതാംകൂർ ഭാഗത്തുനിന്നും എത്ര പറ നെല്ല് എടുത്തിട്ടുണ്ട്;

(സി) വലിയ ജന്മികളിൽ നിന്നും മറ്റും വേണ്ടത്രനെല്ല് എടുക്കുന്നില്ലെന്നുള്ളതറിയാമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ര ണ്ടു മു തൽ ഒ ന്നു paras till the end of September 1950.
(ബി) പ ന്ത്രണ്ടു മു തൽ പ തി നാ ല ു വ രെ. " "
(സി) എടുക്കുന്നുണ്ടെന്നാണ് അറിവ്.

കമ്പനി പൂട്ടിയതിനുള്ള ഉത്തരവാദിത്വം

*൪൨൨. (ന്യൂ.) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കഴിഞ്ഞ ജനുവരിമാസത്തിൽ എഫ്. എ. സി. ടി: കമ്പനി പൂട്ടിയതിനു ഉത്തരവാദി കമ്പനിമാനേജ്മെൻറാണെന്നു കമ്പനിഭാഗത്തുനിന്നും അഡ്ജൂഡിക്കേഷൻ മുമ്പാകെ സമ്മതിച്ചിട്ടുള്ളതായി അറിയാമോ;

(ബി) അങ്ങിനെയാണെങ്കിൽ മാനേജ്മെൻറിനെതിരെ എന്തു നടപടി നടത്തി?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) എ-യുടെ ഉത്തരംകൊണ്ട് ഉത്തരം ആവശ്യമില്ല.

ഹോമിയോപ്പതി കാളേജംഗീകാരം

*൪൨൩. (ന്യൂ.) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ ഐക്യസംസ്ഥാനത്തു ഹോമിയോപ്പതി ചികിത്സയെ പ്രോത്സാഹിപ്പിക്കണമെന്നു ഗവണ്മെണ്ടുദ്ദേശിക്കുന്നുണ്ടോ;

(ബി) ഏറണാകുളത്തെ ഹോമിയൊപ്പതി കാളേജിൻറെ അംഗീകാരത്തിനായി അപേക്ഷിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനു് എന്തു നടപടി നടത്തി?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ:)

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) അതിനെപ്പറ്റി അന്വേഷിച്ചതിനുശേഷം അംഗീകാരം കൊടുക്കേണ്ടതില്ലെന്നു തീരുമാനിച്ചു.

നെല്ലെടുപ്പിലുള്ള വ്യത്യസ്തത

*൪൨൪. (ന്യൂ.) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ വിഭാഗത്തുനിന്നും ഇക്കഴിഞ്ഞ നെല്ലെടുപ്പിനു് ൭ ലക്ഷം പറ നെല്ലും കൊച്ചി വിഭാഗത്തുനിന്നും ൪ ലക്ഷം പറ നെല്ലും ഗവ

LIBRARY ARCHIVES Kerala Legislative Assembly

മെൺണ്ടിലേയ്ക്ക് എടുത്ത എന്ന കണക്കാക്കപ്പെട്ടിരിക്കുന്നതു് എന്തടിസ്ഥാനത്തിന്മേലാണു്;

(ബി) കൊച്ചി വിഭാഗത്തിൽനിന്നും എടുത്ത നെല്ലിന്റെ കണക്കിൽ, റേഷൻപ്രകാരം നിലം ഉടമസ്ഥക്ക് വിട്ടുകൊടുത്ത നെല്ലിന്റെ കണക്കുകൂടി ഉൾപ്പെടുത്തിയിട്ടുള്ളപ്പോൾ, തിരുവിതാംകൂർ വിഭാഗത്തിൽ അപ്രകാരം ചെയ്തിട്ടില്ലെന്നുള്ള ആരോപണം ശരിയാണോ;

(സി) ആണെങ്കിൽ ഇപ്രകാരം തെറ്റായ ഒരു കണക്കു പ്രസിദ്ധപ്പെടുത്തിയതിനു് ഉത്തരവാദി ആരു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൧൯൫൭-ൽ തിരുവിതാംകൂർ വിഭാഗത്തിൽനിന്നു് ൨൫,൦൪,൫൦൦ പറ നെല്ലും കൊച്ചി വിഭാഗത്തുനിന്നു ൩൫,൫൫,൯൩൦ പറ നെല്ലും ആണു് ഗവൺമെണ്ടിലേയ്ക്കു് എടുത്തിട്ടുള്ളതു്. ഇതു് കർഷകരിൽനിന്നും ഗവൺമെണ്ടു് വിലയ്ക്കു് വാങ്ങിച്ച നെല്ലിന്റെ കണക്കാണു്.

(ബി) അല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഗവൺമെണ്ടു് ജീവനക്കാർക്കു് വിദ്യാഭ്യാസ സൌകര്യം

*൫൨൩. (൩൪) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

ഇന്നു് ഗവൺമെണ്ടു് സർവ്വീസിലിരിക്കുന്നവരും, കാളേജു് വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടില്ലാത്തവരുമായ ഉദ്യോഗസ്ഥന്മാർക്കു് അവരുടെ കോഴ്സുകൾ പൂർത്തിയാക്കുന്നതിനും പരീക്ഷകൾക്കു ചേരുന്നതിനുമുള്ള സൌകര്യം ഗവൺമെണ്ടിൽനിന്നും നിഷേധിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

കോളേജ് കോഴ്സുകൾ പൂർത്തിയാക്കുന്നതിനു് കഴിഞ്ഞയാണ്ടുവരെ അവധി അനുവദിച്ചിട്ടുള്ളവർക്കു് അതേ കോഴ്സുകൾ പൂർത്തിയാക്കുന്നതിനുമാത്രം ഇടയ്ക്കു അവധി അനുവദിക്കുന്നതല്ലാതെ, മറ്റാർക്കും പ്രസ്തുത ആവശ്യത്തിനുവേണ്ടി അവധി അനുവദിക്കുന്നതല്ലെന്നു ഗവൺമെണ്ടു് കല്പന പാസ്സാക്കിയിട്ടുണ്ടു്.

കാളേജ് പ്രവേശനം

*൫൨൪. (൩൫) ശ്രീ. ടി. എം. സന്നലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ.—

(എ) പിന്നോക്കസമുദായങ്ങളിൽനിന്നും അപേക്ഷിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്കും കാളേജിൽ പ്രവേശനം നൽകീട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രവേശനം കിട്ടാത്തവർ എത്ര പേർ; ഏതെല്ലാം സമുദായങ്ങളിൽനിന്നു്?

വ്യവസായവും എക്സൈസും, പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ & ബി) പിന്നോക്കസമുദായങ്ങളിൽനിന്നും അപേക്ഷിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥിനിവിദ്യാർത്ഥികൾക്കും കാളേജുകളിൽ പ്രവേശനം നൽകണമെന്നു നിർദ്ദേശിച്ചിരുന്നു. ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനു വേണ്ടി വരുന്ന സമയവും ക്ലേശവും അതിനാൽ ഉണ്ടാകാവുന്ന പ്രയോജനത്തിനു് ഒട്ടും അനുയോജ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly